Std. 5 - Chapter 10 - Revision - Main points

# പാഠം 10: വാഗ്ദത്ത ഭൂമിയിൽ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | ഇസ്രായാൽക്കാരുടെ അവിശ്വസ്തതയ്ക്കു പ്രായശ്ചിത്തം ചെയ്തുകൊണ്ട് അവരുടെ മക്കൾ എത്ര വർഷം മരുഭൂമിയിൽ നാടോടികളായി അലഞ്ഞുതിരിയും എന്നാണ് ദൈവം പറഞ്ഞത് ? | **നാൽപതുവർഷം** |
| 2 | (1) മോശ എങ്ങനെയുള്ള പ്രവാചകനായിരുന്നു? | **കർത്താവുമായി മുഖാഭിമുഖം സംസാരിച്ച പ്രവാചകനായിരുന്നു മോശ. ജനത്തിന്റെ തെറ്റിന് അദ്ദേഹം പ്രായശ്ചിത്തം അനുഷ്ഠിച്ചിരുന്നു. ഇസ്രായേൽക്കാരുടെ വിഗ്രഹാരാധനയ്ക്കു പരിഹാരമായി നാൽപതുദിവസം ഉപവസിച്ചു പ്രാർത്ഥിച്ച നേതാവാണ് മോശ.** |
| 3 | എവിടെ നിന്നുകൊണ്ടാണ് മോശ വാഗ്ദത്ത ദേശം കണ്ടത് ? | **നെബു മലയിൽ നിന്നുകൊണ്ട്** |
| 4 | മരുഭൂമിയിൽവെച്ചു മരിച്ച മോശയെ സംസ്കരിച്ചത് എവിടെയാണ്? | **മൊവാബ് ദേശത്തുള്ള താഴ്വരയിൽ** |
| 5 | (2). ഇസ്രായേലിനെ നയിക്കുവാൻ ദൈവം മോശയുടെ പിൻഗാമിയായി ആരെയാണ് നിയോഗിച്ചത്? | **നൂനിന്റെ പുത്രനായ ജോഷ്വയെ** |
| 6 | ഏതു നദിയുടെ തീരത്തുള്ള സ്ഥലമാണ് മൊവാബ്. | **ജോർദ്ദാൻ നദിയുടെ** |
| 7 | ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായിരുന്നു .... . | **വാഗ്ദാനപേടകം** |
| 8 | .......................... ജലത്തെ സ്പർശിച്ച നിമിഷം തന്നെ ഒഴുക്കു നിലച്ചു. ജോർദ്ദാൻ നദിയിൽ വരണ്ട ഭൂമി കാണപ്പെട്ടു. | **പുരോഹിതന്മാർ** |
| 9 | ഇസ്രായേൽജനം വരണ്ട നിലത്തുകൂടെ നദി കടന്നപ്പോൾ കർത്താവിന്റെ .................. വഹിച്ചുകൊണ്ട് പുരോഹതിന്മാർ ജോർദ്ദാന്റെ മധ്യത്തിൽ വരണ്ട നിലത്തുനിന്നു. സർവരും ജോർദ്ദാൻ കടക്കുന്നതുവരെ അവർ അവിടെ നിന്നു (ജോഷ്വ 3:16-17). | **വാഗ്ദാനപേടകം** |
| 10 | (3) എന്തിന്റെ ഓർമ്മയ്ക്കായിട്ടാണ് ജോഷ്വ ഗിൽഗാലിൽ സ്മാരകം നിർമ്മിച്ചത്? | **ഇസ്രായേൽജനം അത്ഭുതകരമായി ജോർദ്ദാൻ നദി കടന്നതിന്റെ ഓർമ്മയ്ക്കായിട്ടാണ് ജോർദ്ദാനിൽ നിന്ന് ശേഖരിച്ച പന്ത്രണ്ടു കല്ലുകൾ കൊണ്ട് ജോഷ്വ ഗിൽഗാലിൽ സ്മാരകം നിർമ്മിച്ചത്.** |

| | | |
|---|---|---|
| 11 | സ്മാരകം ഉണ്ടാക്കിയ സ്ഥലത്തിന് . . . . . . എന്ന പേരു ലഭിച്ചു | **ഗിൽഗാൽ** |
| 12 | എവിടെ താമസിച്ചുകൊണ്ടാണ് ഇസ്രായേൽക്കാർ കാനാൻദേശം കീഴടക്കിയത്?. | **ഗിൽഗാലിൽ താമസിച്ചുകൊണ്ടാണ് ഇസ്രായേൽക്കാർ കാനാൻദേശം കീഴടക്കിയത്.** |
| 13 | കാനാൻദേശത്തെ ഏതു പട്ടണമായിരുന്നു ഇസ്രായേൽക്കാർ ആദ്യം കീഴടക്കിയത്? | **ഉയരത്തിലുള്ള കോട്ടകളാൽ ചുറ്റപ്പെട്ട ജറീക്കോ എന്ന പട്ടണമായിരുന്നു അവർ ആദ്യം കീഴടക്കിയത്.** |
| 14 | ദൈവം അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങളിൽ അവസാനത്തേതായിരുന്ന തേനും പാലും ഒഴുകുന്ന കാനാൻദേശം അദ്ദേഹത്തിന്റെ സന്തതിപരമ്പരയ്ക്കു അവകാശമായി നൽകുമെന്ന ദൈവത്തിന്റെ വാഗ്ദാനം എപ്പോഴാണ് നിറവേറിയത്? | **ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രയേൽക്കാർ കൈവശമാക്കിയ ഭൂമിയെല്ലാം ജോഷ്വ ഇസ്രയേലിലെ പന്ത്രണ്ടുഗോത്രങ്ങൾക്കുമായി ഭാഗിച്ചു കൊടുത്തപ്പോൾ.** |
| 15 | തേനും പാലും ഒഴുകുന്ന ദേശം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? | **ദൈവാനുഗ്രഹങ്ങൾ നിറഞ്ഞ നാട്** |
| 16 | (4) ഓരോ മനുഷ്യന്റേയും അന്തിമമായ ലക്ഷ്യമെന്ത്? | **ലോകത്തിലുള്ള എല്ലാ മനുഷ്യരുടെയും ജീവിതലക്ഷ്യം സ്വർഗമാണ്. ദൈവിക സാന്നിദ്ധ്യത്തിന്റെ കൂടാരമായ സ്വർഗത്തിൽ എത്തിച്ചേരുക എന്നതാണ് ഓരോ മനുഷ്യന്റെയും അന്തിമമായ ലക്ഷ്യം.** |
| 17 | പഴയനിയമജനതയുടെ ചരിത്രം നമുക്ക് നൽകുന്ന സന്ദേശം എന്താണ്? | **പ്രതിസന്ധികളെ അതിജീവിക്കുന്നതിനുള്ള ശക്തി ദൈവത്തിൽ നിന്ന് സ്വീകരിച്ച് സ്വർഗീയ ജറുസലേം ലക്ഷ്യമാക്കി നാം ജീവിക്കണം. ഒടുവിൽ സ്വർഗീയ സന്തോഷത്തിൽ പങ്കുകാരാകണം.** |